Pastoral Letter No XXV

The Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686 001.

**ദൈവകൃപയാൽ**
**കോട്ടയം അതിരൂപതയുടെ**
**മെത്രാപ്പോലീത്ത**

**മാർ മാത്യു** **മൂലക്കാട്ട്**

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

ലോകരക്ഷകനായ ഈശോയ്ക്കു വഴിയൊരുക്കാൻ ആഗതനായ സ്നാപകയോഹന്നാന്റെ അത്ഭുതകരമായ ജനനത്തിൽ ആഹ്ലാദിച്ചുകൊണ്ടു യോഹന്നാന്റെ പിതാവായ സഖറിയ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വരാനിരിക്കുന്ന രക്ഷകനെപ്പറ്റി നടത്തുന്ന പ്രവചനത്തിൽ നാം ഇപ്രകാരം ശ്രവിക്കുന്നു. "നമ്മുടെ പിതാക്കന്മാരോടു വാഗ്ദാനം ചെയ്ത കാരുണ്യം നിവർത്തിക്കാൻ ദൈവം തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി." (ലൂക്കാ 1:72)

പാപംമൂലം തന്നിൽനിന്നകന്നു പോയ മനുഷ്യനെ പരിത്യജിക്കാതെ പാപാവസ്ഥയിൽ നിന്നും അവനെ വിമോചിപ്പിച്ച് നഷ്ടപ്പെട്ട സൗഭാഗ്യം അവനു തിരികെ നല്കാൻ തിരുമനസ്സായ ദൈവത്തിന്റെ അനന്തകാരുണ്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് മനുഷ്യാവതാരമെന്ന മഹാരഹസ്യം പ്രഘോഷിക്കുന്ന മംഗളവാർത്തക്കാലം നമ്മെ മാടിവിളിക്കുന്നത്. എല്ലാദിവസവും ഏതു സാഹചര്യത്തിലും നമ്മെ നിരന്തരം വലയം ചെയ്തു സംരക്ഷിക്കുന്ന ഈ ദൈവകാരുണ്യാനുഭവം ആസ്വദിക്കാനും സഹോദരങ്ങളിലേക്കും സഹജീവികളിലേക്കും സൃഷ്ടപ്രപഞ്ചത്തിലേക്കു മുഴുവനും ഈ കാരുണ്യം നിരന്തരം പ്രസരിപ്പിക്കാനും ഈശോയുടെ മനുഷ്യാവതാരം ആഹ്വാനം ചെയ്യുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കാരുണ്യവർഷത്തിന്റെ വാതിൽ നമുക്കായി തുറക്കപ്പെടുന്നു എന്നത് ഈ വർഷത്തെ മംഗളവാർത്താക്കാലത്തിന്റെ സവിശേഷതയാണ്. കാരുണ്യത്തിന്റെ ഈ അസാധാരണ ജൂബിലി വർഷം സാർവ്വത്രിക സഭയിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്നത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ആചരിക്കുന്ന ഡിസംബർ 8-ാം തീയതിയാണ്. 2015 ഡിസംബർ 8-ാം തീയതിയുടെ മറ്റൊരു പ്രത്യേകത രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപനത്തിന്റെ 50-ാം വാർഷികമാണത് എന്നുള്ളതാണ്. കാരുണ്യത്തിന്റെ കൗൺസിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് വിശുദ്ധ ജോൺ 23-ാമൻ മാർപാപ്പ പറഞ്ഞ വാക്കുകൾ ഫ്രാൻസീസ് മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നു. "ഇപ്പോൾ ക്രിസ്തുവിന്റെ മണവാട്ടി ക്രൂരതയുടെ ആയുധങ്ങളെടുക്കുന്നതിനു പകരം കാരുണ്യത്തിന്റെ ഔഷധം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു." വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പ "നല്ല സമരായന്റെ പുരാതനകഥ കൗൺസിലിന്റെ ആദ്ധ്യാത്മികതയുടെ മാതൃകയായിരുന്നു" എന്നും "വാത്സല്യത്തിന്റെയും വിസ്മയത്തിന്റെയും തിരമാല ആധുനിക മനുഷ്യവംശത്തിന്മേൽ ഈ കൗൺസിലിലൂടെ പ്രവഹിച്ചു" എന്നും പറഞ്ഞുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിപ്പിച്ചത്. കൗൺസിലിൽ ഉരുത്തിരിഞ്ഞ കാരുണ്യത്തിന്റെ ഈ ഉൾക്കാഴ്ചയിൽ ആഗോളസഭയെ മുഴുവൻ ഉൾച്ചേർത്തുകൊണ്ടാണ് ഫ്രാൻസീസ് മാർപാപ്പ കാരുണ്യവർഷം ഈ മംഗളവാർത്താക്കാലത്തിന്റെ ആരംഭത്തിൽ നമുക്കായി തുറന്നു തരുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാനം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഡിസംബർ മാസം 13-ാം തീയതി ഞായറാഴ്ച നമ്മുടെ ക്രിസ്തുരാജ കത്തീഡ്രലിൽ നാം കരുണയുടെ കവാടം ഔദ്യോഗികമായി തുറക്കുകയാണ്. കരുണയുടെ ഈ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഈ വാതിലിലൂടെ അകത്തു പ്രവേശിക്കാനും നിത്യാരാധന ചാപ്പലിൽ ദിവ്യനാഥനോടൊത്തായിരിക്കാനും ദൈവകാരുണ്യത്തെ നമ്മുടെ ഹൃദയസ്പന്ദനത്തിന്റെ അവിഭാജ്യഭാഗമാക്കി മാറ്റാനും എല്ലാ വിശ്വാസികൾക്കും സാധിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

അമിതമായ ആസക്തികളാൽ കലുഷിതമാകുന്ന ആധുനിക മനുഷ്യ മനസ്സിനെ അടക്കിവാഴാൻ പരിശ്രമിക്കുന്ന അത്യാഗ്രഹത്തിന്റെയും അതിരറ്റ സ്വാർത്ഥതയുടെയും പിടിയിൽ നിന്ന് അതിനെ മോചിപ്പിക്കാനും പരിചരണത്തിന്റെയും പരിപാലനത്തിന്റെയും മനോഭാവത്തോടെ പ്രപഞ്ചത്തെ സമീപിക്കാനും "അങ്ങേക്കു സ്തുതി" എന്ന ചാക്രികലേഖനത്തിലൂടെ നമ്മെ ആഹ്വാനം ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ "ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം ഓരോ വ്യക്തിയും കാരുണ്യത്തിന്റെ മരുപ്പച്ച കാണണം" എന്ന സന്ദേശമാണ് ഈ ജൂബിലി വർഷാചരണത്തിലൂടെ നമുക്ക് നല്കുന്നത്. "കാരുണ്യത്തിന് നല്കുന്ന സാക്ഷ്യമില്ലാതിരുന്നാൽ ജീവിതം ഫലരഹിതവും വന്ധ്യവുമായി തീരുമെന്നും ഒരിക്കൽകൂടി കാരുണ്യത്തിലേക്കുള്ള സന്തോഷപ്രദമായ വിളി സഭ ഏറ്റെടുക്കാൻ സമയമായി" എന്നും പരിശുദ്ധ പിതാവു നമ്മെ അനുസ്മരിപ്പിക്കുന്നു.

ദൈവകാരുണ്യത്തിന്റെ ഏറ്റവും ഹൃദ്യമായ അനുഭവം ആത്മാവിൽ കുളിർമഴയായി പെയ്തിറങ്ങുന്ന അനുരഞ്ജന കൂദാശയുടെ അർത്ഥപൂർണ്ണമായ സ്വീകരണത്തിലൂടെ തിന്മയുടെ ശക്തികളെ നമുക്ക് നിർമ്മാർജ്ജനം ചെയ്യാം. ദൈവകാരുണ്യത്തിന്റെ അനുഭവത്തിലേക്ക് അനുരഞ്ജന കൂദാശയിലൂടെ കടന്നുചെല്ലുന്നവർക്ക് സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കാതിരിക്കാൻ സാധിക്കയില്ല. "ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ" (മത്താ 18:33) എന്ന ചോദ്യം നാം അവഗണിക്കരുത്. മറ്റുള്ളവരെ വിധിക്കുകയോ ശപിച്ചു തള്ളുകയോ മുൻവിധിയോടെ വീക്ഷിക്കുകയോ ചെയ്യാതെ അവരുടെ നന്മകൾ എടുത്തുപറഞ്ഞ് സമൂഹത്തിൽ ഐക്യവും സമാധാനവും വളർത്താൻ നാം പരിശ്രമിക്കണം. ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവർത്തികളിലൂടെ ദൈവകാരുണ്യം പൊതുസമൂഹത്തിൽ പ്രതിഫലിപ്പിക്കുവാൻ നാം പരിശ്രമിക്കണം. വിവിധ മതവിഭാഗങ്ങൾക്കിടയിൽ ഐക്യവും ആദരവും വളർത്താൻ പരിശ്രമിക്കുന്നതും കാരുണ്യത്തിന്റെ അടയാളമാണ്. അഴിമതിയ്ക്കും അനീതിക്കുമെതിരെ ധീരമായി പോരാടാനും മനുഷ്യനെ അടിമയാക്കുന്ന എല്ലാവിധ ചൂഷണങ്ങൾക്കുമെതിരെ പ്രതികരിക്കാനും ദൈവകാരുണ്യത്തിന്റെ അനുഭവം നമുക്ക് ശക്തിപകരുന്നു. എല്ലാവരോടും ഹൃദയപൂർവ്വം ക്ഷമിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യത്തിൽ പങ്കുചേർന്ന് പ്രത്യാശയോടെ ഭാവിയിലേക്കു നോക്കാനുള്ള ധീരത നമുക്ക് സ്വായത്തമാക്കാം.

സ്നേഹമുള്ളവരേ, ആധുനിക ജീവിതത്തിന്റെ ആകുലതകളാൽ അസ്വസ്ഥമാകുന്ന നമ്മുടെ ജീവിതങ്ങളെ ദൈവസ്നേഹത്താൽ ഉഴുതുമറിച്ചു കാരുണ്യത്തിന്റെ വിത്ത് വിതയ്ക്കാൻ ഈ മംഗളവാർത്താക്കാലം നമ്മോടാവശ്യപ്പെടുന്നു. "നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകം കൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയ രശ്മി നമ്മെ സന്ദർശിക്കുന്ന" (ലൂക്കാ 1:78) ഈ മംഗളവാർത്തക്കാലം ദൈവകാരുണ്യ അനുഭവത്തിന്റെ അവസരമാക്കി മാറ്റാൻ നമുക്ക് പ്രത്യാശയോടെ പരിശ്രമിക്കാം. വചനത്തിനു മാംസം നല്കി ദൈവകാരുണ്യത്തിന്റെ മൂർത്തരൂപമായ ഈശോയെ നമുക്ക് നല്കിയ പരിശുദ്ധ അമ്മയെപ്പോലെ കരുണയുടെ വിളനിലങ്ങളായി നമ്മുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്താം. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ നമുക്ക് സമ്മാനിച്ച ഈ അസാധാരണ ജൂബിലിവർഷം കാരുണ്യത്തിന്റെ കതിരുകളാൽ പ്രശോഭിതമായ ക്രൈസ്തവ ചൈതന്യത്താൽ ഈ പ്രപഞ്ചത്തിനു മുഴുവൻ പ്രത്യാശയുടെ പുതുജീവൻ പകരാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാകേന്ദ്രത്തിൽ നിന്നും 2015 നവംബർ 14-ാം തീയതി.

**✠മാർ മാത്യു മൂലക്കാട്ട്,**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത.

---

*NB.* ഈ ഇടയലേഖനം നവംബർ 29-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.